**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1033** **07-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പ് മന്ത്രിക്കും ഓഫീസിനുമായി സർക്കാർ അനുവദിച്ച നൽകിയിട്ടുള്ള വാഹനങ്ങളുടെ എണ്ണം എത്ര; അവ ഏതെല്ലാം; പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കുന്നതിന് ആർക്കൊക്കെയാണ് അനുമതി നൽകിയിട്ടുള്ളത് ; വിശദമാക്കുമോ; | (എ) | വനം വകുപ്പ് മന്ത്രിയുടെ ആവശ്യത്തിലേക്കായി വിനോദ സഞ്ചാര വകുപ്പിൽ നിന്നും ഒരു ഇന്നോവ വാഹനം അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) | മന്ത്രിയുടെ ഓഫീസിന്റെ ആവശ്യത്തിനായി വിനോദസഞ്ചാര വകുപ്പിൽ നിന്നും അനുവദിച്ച വാഹനങ്ങൾക്കുപുറമേ വനം വകുപ്പിന്റെ കീഴിലുള്ള വാഹനങ്ങൾ കൂടി ഉപയോഗിക്കുന്നുണ്ടെങ്കിൽ ഇപ്രകാരം ഉപയോഗിക്കുന്ന വാഹനങ്ങളെത്ര യാണെന്നും ആരൊക്കെയാണ് അവ ഉപയോഗിക്കുന്നതെന്നും വിശദമാക്കുമോ; | (ബി) | വനം വകുപ്പ് മന്ത്രിയുടെ ഓഫീസിലെ ഉപയോഗത്തിലേയ്ക്കായി KL-01 CV 4187, KL-01 BP 542 എന്നീ രണ്ട് വാഹനങ്ങളാണ് വനം വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ളത്. കൂടാതെ നിയമസഭാ സമ്മേളന കാലയളവിലെ ഉപയാഗത്തിലേയ്ക്കായി KL. 01 BA-6126എന്ന വാഹനവും താൽക്കാലികമായി വനം ആസ്ഥാനത്തു നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. KL-01 CV 4187 മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യത്തിനും KL-01 BP 542 മന്ത്രി ഓഫീസിന്റെ പൊതുവായ ആവശ്യത്തിനുമാണ് ഉപയോഗിക്കുന്നത് . |
| (സി) | മേൽപ്പറഞ്ഞ വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) | മേൽപ്പറഞ്ഞ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മേൽ വാഹനങ്ങളിൽ ലോഗ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നുണ്ട് . |

സെക്ഷൻ ഓഫീസർ